## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- പാലക്കാട് ജില്ല-സൻസദ് ആദർശ് ഗ്രാമയോജന-ആലത്തൂർ പാർലമെന്റ് മണ്ഡലത്തിൽ നടന്ന ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഹാജരാകാതിരുന്ന പാലക്കാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ശ്രീ.പി.രവീന്ദ്രനെതിരെയുള്ള അച്ചടക്ക നടപടി-തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1256/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 4.5.2018**

---

പരാമർശം :- 1. ആലത്തൂർ എം.പി, ശ്രീ.പി.കെ.ബിജുവിന്റെ 07/02/2015-ലെ കത്ത്.
2. ഗ്രാമവികസന കമ്മീഷണറുടെ 20/01/2016-ലെ 10370/എസ്റ്റാ എ 3/15/സിആർഡി നമ്പർ കത്ത്.
3. പാലക്കാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ശ്രീ.പി.രവീന്ദ്രന് സർക്കാരിൽ നിന്നും നൽകിയ 04/07/2017-ലെ 37/ഇആർബി1/2015/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ശ്രീ.പി.രവീന്ദ്രൻ സമർപ്പിച്ച 13/03/2018 ലെ പ്രതിവാദ പത്രിക.
5. ഗ്രാമവികസന കമ്മീഷണറുടെ 23/04/2018 ലെ 10370/എസ്റ്റാ.എ 3/15/ സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജക മണ്ഡലത്തിൽ 2014-15 വർഷത്തെ സൻസദ് ആദർശ് ഗ്രാമയോജന പദ്ധതി അവലോകനാർത്ഥം 06/02/2015-ന് വിളിച്ചു ചേർത്ത ജില്ലാതലനിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗത്തിൽ ഹാജരാകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബഹു.ആലത്തൂർ എം.പി ,ശ്രീ.പി.കെ.ബിജു പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടു. അതിലേയ്ക്കായി, യോഗത്തിൽ ഹാജരാകാതിരുന്ന പാലക്കാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ശ്രീ.ടി.വി.ജോർജ്ജ്, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ശ്രീ.പി.രവീന്ദ്രൻ, MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീ.പി.കെ.സനൽകുമാർ എന്നിവരിൽ നിന്നും വിശദീകരണം വാങ്ങിയിരുന്നു. പ്രോജക്ട് ഡയറക്ടർ ശ്രീ.ടി.വി.ജോർജ്, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർമാരായ ശ്രീമതി.എ.ജൈല ശ്രീ.പി.രവീന്ദ്രൻ എന്നിവർക്ക് പരാമർശം (3)പ്രകാരം കുറ്റ പത്രവും കുറ്റാരോപണ പത്രികയും നൽകി.

കുറ്റാരോപണ പത്രികയ്ക്ക് ശ്രീ.പി.രവീന്ദ്രൻ പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു. താൻ ഇന്ദിരാ ആവാസ് യോജനാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തിരക്കിലായതിനാൽ 2015 ഫെബ്രുവരി മാസം 6-ാം തീയതിയിലെ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ശ്രീമതി.എ.ജൈല-യെ നിയോഗിച്ചിരുന്നതിനാലാണ് യോഗത്തിൽ പങ്കെടുക്കാതിരുന്നതെന്നും പകരം നിയോഗിക്കപ്പെട്ട ശ്രീമതി.എ.ജൈലയ്ക്ക് ശാരീരിക ബുദ്ധിമുട്ടുകളുള്ളതിനാലാണ് യോഗത്തിൽ

പങ്കെടുക്കാൻ കഴിയാതിരുന്നതെന്നും ഈ വിവരം പിന്നീടാണ് താൻ അറിഞ്ഞതെന്നും ടിയാൻ ബോധിപ്പിച്ചു. തന്റെ ഭാഗത്തു നിന്നും ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ലെന്നും ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു. ടിയാന്റെ പ്രതിവാദപത്രികയിന്മേൽ പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. ഇന്ദിരാ ആവാസ് യോജനാ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തിരക്കിലായതിനാലാണ് ശ്രീ.പി.രവീന്ദ്രന് സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല യോഗത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്നതെന്നും അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായിരുന്ന ശ്രീമതി.എ. ജൈലയെ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നതായും ശാരീരിക അവശതകളുള്ളതിനാൽ അവർക്ക് യോഗം നടന്ന മുകളിലത്തെ നിലയിൽ എത്താൻ കഴിഞ്ഞില്ലെന്നും ശ്രീ.പി.രവീന്ദ്രന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൻസദ് ആദർശ് ഗ്രാമയോജന പദ്ധതിയുടെ അവലോകനവുമായി ബന്ധപ്പെട്ട് ബഹു.ആലത്തൂർ എം.പി വിളിച്ചു ചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിൽ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ശ്രീ.പി.രവീന്ദ്രന്റെ ഭാഗത്ത് നിന്നും ബോധപൂർവ്വമായ വീഴ്ച സംഭവിച്ചതായി കാണുന്നില്ലാത്തതിനാൽ ടിയാനെതിരെ 1960 ലെ KCS (CC&A) ചട്ടം16 പ്രകാരം സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ: ബി.അശോക്.ഐ.എ.എസ്**

സെക്രട്ടറി.

1) ശ്രീ.പി.രവീന്ദ്രൻ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം യൂണിറ്റ്, പാലക്കാട് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ആഡിറ്റ്, കേരള,തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തൃശ്ശൂർ
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ